(ബി) എസ്. ടി. വിഭാഗത്തിൽ ആറാം റാങ്കുള്ള നിർമ്മൽ ബോസിന് മെമ്മോ അയയ്ക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) എസ്. ടി. വിഭാഗത്തിൽ ഉള്ള നിർമ്മൽ ബോസിന് ആദ്യ ബാച്ചിൽതന്നെ എസ്. ഐ.യായി ജോലി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

തെരഞ്ഞെടുപ്പ് ജോലിയുമായി ബന്ധപ്പെട്ട ഓണറേറിയം കുടിശ്ശിക

31 [5174] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുപ്പ് ജോലികൾക്ക് നിയോഗിക്കപ്പെടുന്ന സർക്കാർ ജീവനക്കാർക്ക് ഓണറേറിയം നൽകാറുണ്ടോ; എങ്കിൽ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഓണറേറിയം കുടിശ്ശിക ഉണ്ടോ; എങ്കിൽ പ്രസ്തുത ഓണറേറിയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഓണറേറിയം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) സെക്രട്ടേറിയറ്റിലെ ജീവനക്കാർക്ക് ഓണറേറിയം നൽകാനുണ്ടോ; എങ്കിൽ എത്ര പേർക്കാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) തെരഞ്ഞെടുപ്പ് ജോലികൾക്ക് നിയോഗിക്കപ്പെടുന്ന എല്ലാ സർക്കാർ ജീവനക്കാർക്കും തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിക്കുന്ന നിരക്കിൽ ടി.എ./ഡി.എ. നൽകാറുണ്ട്.

(സി) തെരഞ്ഞെടുപ്പ് ജോലിക്ക് നിയോഗിക്കപ്പെട്ടിട്ടുള്ള എല്ലാ ജീവനക്കാർക്കും ടി.എ./ഡി.എ. നൽകിയിട്ടുണ്ട്.

പോലീസ് ഡിപ്പാർട്ടുമെന്റിലെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ്

32 [5175] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ സാമ്പത്തിക വർഷം പോലീസ് ഡിപ്പാർട്ടുമെന്റിന് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ഇനത്തിൽ എത്ര രൂപ അനുവദിച്ചു;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly